Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1562(49-A) തീയതി: 30.08.2019

## സർക്കുലർ

വിഷയം: കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - വിദ്യാലയങ്ങളിലെ ഓണാഘോഷം - സ്കൂളുകളിൽ പൂക്കളം ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ പൂക്കളത്തിന്റെ സാധ്യതകളും പ്രയോജനപ്പെടുത്തൽ

സൂചന: 21/08/19 ലെ ഡി ജി ഇ യുടെ ആർ. ആർ. 1/ 30627/2019 നമ്പർ സർക്കുലർ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സെപ്റ്റംബർ 2 ന് നടക്കുന്ന ഓണാഘോഷത്തിന്റെ ഭാഗമായി സ്കൂളുകളിൽ പൂക്കളം ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ പൂക്കളനിർമാണത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ഹൈസ്കൂൾ - ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ പൂക്കള നിർമ്മാണവും പ്രദർശനവും കൂടെ നടത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സൂചന പ്രകാരം നൽകിയ സർക്കുലറിലെ നിർദേശങ്ങൾ അനുസരിച്ച് സ്കൂളുകളിൽ ഓണപ്പൂക്കളം ഒരുക്കേണ്ടതാണ്. ഇതിൽ ഏറ്റവും മികച്ച ഒരു പൂക്കളത്തിന്റെ ഫോട്ടോ അതത് വിദ്യാലയങ്ങളുടെ സ്കൂൾ വിക്കി പേജിൽ നിശ്ചിത ഫോർമാറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
2. ഇതോടൊപ്പം ഡിജിറ്റൽ സംവിധാനത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ മേൽനോട്ടത്തിൽ ഡിജിറ്റൽ പൂക്കള ഡിസൈനിംഗ് സ്കൂളുകളിൽ നടത്താവുന്നതാണ്.
3. പൂക്കള ഡിസൈനിംഗിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യർത്ഥികളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ലാപ്‌ടോപ്പിന്റെ ലഭ്യതക്കനുസരിച്ച് ബാച്ചുകളായി താല്പര്യമുള്ള എല്ലാവർക്കും അവസരം നൽകാവുന്നതാണ്.
4. പൂക്കളത്തിന്റെ നല്ല ചിത്രം എടുക്കുന്നതിന് സ്കൂളുകൾക്ക് നൽകിയ ഡി.എസ്.എൽ.ആർ ക്യാമറകൾ ഉപയോഗിക്കാവുന്നതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ പ്രയോജനപ്പെടുത്തിയാണ് ഡിജിറ്റൽ രൂപത്തിലുള്ള പൂക്കള ഡിസൈനിംഗ് തയ്യാറാക്കേണ്ടത്. ഇവ 800 X600 പിക്സൽ സൈസിലുള്ള കാൻവാസിൽ തയ്യാറാക്കി png ഫോർമാറ്റിൽ എക്സ്പോർട്ട് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. പൂക്കളത്തിന്റെ ഫോട്ടോയും ഇതേ അളവിലാണ് ക്രോപ് ചെയ്യേണ്ടത്.
5. ഈ രീതിയിൽ തയ്യാറാക്കുന്ന മികച്ച 2 ഉത്പന്നങ്ങളും പൂക്കളത്തിന്റെ ചിത്രത്തോടൊപ്പം ഓരോ വിദ്യാലയത്തിനും അതാത് വിദ്യാലയത്തിന്റെ സ്കൂൾ വിക്കി പേജിൽ ലഭ്യമാക്കിയിട്ടുള്ള ലിങ്ക് വഴി ഓണാഘോഷ ദിവസം തന്നെ അപ്‌ലോഡ് ചെയ്യാവുന്നതാണ്.
6. അപ്‌ലോഡ് ചെയ്ത മുഴുവൻ ചിത്രങ്ങളും schoolwiki.in വഴി എല്ലാവർക്കും കാണാൻ കൈറ്റ് സംവിധാനമൊരുക്കുന്നതാണ്.

കെ. അൻവർസാദത്ത്

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും *(ജില്ലാ കോർഡിനേറ്റർ മുഖേന)*

പകർപ്പ്: പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേക്ക്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും- ജില്ലാകോർഡിനേറ്റർ മുഖേന

കൈറ്റിലെ എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

സ്റ്റോക്ക് ഫയൽ